I ഇ.ബി. XIV - കേരള നിയമസഭ/XV-13

## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ജൂൺ 24, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തരസമയം)

## I അടിയന്തര പ്രമേയം

പ്രവാസി വ്യവസായിയുടെ ആത്മഹത്യ

മി. സ്പീക്കർ: കണ്ണൂർ ആന്തൂരിലെ പ്രവാസി വ്യവസായി സാജന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട കേസന്വേഷണം ബോധപൂർവ്വം അട്ടിമറിക്കാനും യഥാർത്ഥ കുറ്റവാളികളെ രക്ഷിക്കാനും നടത്തുന്ന ശ്രമങ്ങൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എം. ഷാജി, കെ. സി. ജോസഫ്, മോൻസ് ജോസഫ്,

അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷൻ പരിധിയിൽ പാറയിൽവീട്ടിൽ ലക്ഷ്മണൻ മകൻ സാജൻ പാറയിൽ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് സാജന്റെ വിധവ അയച്ച പരാതി 22-06-2019-ന് മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിക്കുകയും അതുസംബന്ധിച്ച റിപ്പോർട്ട് അഞ്ച് ദിവസത്തിനകം സമർപ്പിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പരാതി ലഭിക്കുന്നതിനുമുമ്പുതന്നെ സർക്കാർ ഈ പ്രശ്നത്തിൽ ഗൗരവപൂർവ്വം ഇടപെടുകയും പ്രഥമദൃഷ്ട്യാ വീഴ്ചവരുത്തിയെന്ന് തോന്നിയ മുനിസിപ്പൽ സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ട് ഓവർസിയർമാർ എന്നിവരെ സസ്പെന്റ് ചെയ്യുകയും ബന്ധപ്പെട്ട രേഖകളും സ്ഥലവും പരിശോധിക്കുന്നതിനായി സി.ടി.പി. വിജിലൻസിന്റെയും നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെയും നേതൃത്വത്തിൽ രണ്ട് അന്വേഷണസംഘങ്ങളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കെട്ടിടനിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട വീഴ്ച പരിശോധിക്കാൻ സി.ടി.പി. വിജിലൻസിന്റെ നേതൃത്വത്തിലുള്ള സംഘത്തോടും ഭരണപരമായ വീഴ്ച പരിശോധിക്കാൻ ജോയിന്റ് ഡയറക്ടറുടെ

നേതൃത്വത്തിലുള്ള സംഘത്തോടും ആവശ്യപ്പെട്ടിട്ടുണ്ട്. മരണപ്പെട്ട സാജന്റെ സഹോദരന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ വളപട്ടണം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ ഗൗരവപൂർവ്വമായ ഇടപെടലാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കേസിന്റെ പ്രാധാന്യം കണക്കിലെടുത്ത് കണ്ണൂർ നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ അഞ്ച് പേരടങ്ങുന്ന പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ചിട്ടുണ്ട്. ശരിയായ അന്വേഷണം നടത്തി വസ്തുതകൾ പുറത്തുകൊണ്ടുവരാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇതുസംബന്ധിച്ച് സ്വമേധയാ പരിശോധിച്ച് മൂന്നാഴ്ചയ്ക്കകം സത്യവാങ്മൂലം സമർപ്പിക്കണമെന്ന് ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്. കുറ്റവാളികളെ രക്ഷിക്കാനും അന്വേഷണം ബോധപൂർവ്വം അട്ടിമറിക്കാനുമുള്ള യാതൊരു ശ്രമവും നടന്നിട്ടില്ല. നിഷ്പക്ഷവും സുതാര്യവുമായ അന്വേഷണം ഉറപ്പുവരുത്തും.

<u>ശ്രീ. കെ. എം. ഷാജി</u>: വിദേശത്ത് ജോലി ചെയ്ത് സമ്പാദിച്ച മുഴുവൻ

പണവുമുപയോഗിച്ച് പ്രവാസി വ്യവസായിയായ സാജൻ പാറയിൽ നിർമ്മിച്ച കെട്ടിടത്തിനാണ് നഗരസഭ പ്രവർത്തനാനുമതി നിഷേധിച്ചത്. പത്ത് കോടി രൂപയ്ക്ക് പൂർത്തിയാക്കേണ്ടിയിരുന്ന പ്രോജക്ടിന് അകാരണമായി വരുത്തിയ കാലതാമസംകാരണം പതിനെട്ട് കോടിയിലധികം രൂപ ചെലവാക്കേണ്ടിവന്നു. കെട്ടിടത്തിന് സാംഗ്ഷൻ ലഭിക്കുന്നതിനായി മുനിസിപ്പൽ ചെയർപേഴ്സനെ പലതവണ സമീപിച്ചിട്ടും അനുമതി നൽകുകയില്ലെന്ന മറുപടി ലഭിച്ചതിനുശേഷമാണ് അദ്ദേഹം ആത്മഹത്യ ചെയ്തത്. കൺവെൻഷൻ സെന്ററിന് പ്രവർത്തനാനുമതി നൽകാതിരുന്ന നഗരസഭാദ്ധ്യക്ഷയുടെ നടപടി ന്യായീകരിക്കാൻ കഴിയുന്നതല്ല. സാജൻ പാറയിൽ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് നാലുദ്യോഗസ്ഥരെ മാത്രം സസ്പെൻഡ് ചെയ്ത് നഗരസഭാദ്ധ്യക്ഷയെ സംരക്ഷിക്കാനുള്ള നീക്കമാണ് സർക്കാർ നടത്തുന്നത്. രേഖാമൂലം പരാതി നൽകി ദിവസങ്ങൾ കഴിഞ്ഞിട്ടും മുഖ്യമന്ത്രി യാതൊരു നടപടിയും സ്വീകരിക്കാത്തത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. കൺവെൻഷൻ സെന്ററിന് അടിയന്തരമായി ലൈസൻസ് നൽകുന്നതിനും ആന്തൂർ നഗരസഭാദ്ധ്യക്ഷ ശ്രീമതി പി. കെ. ശ്യാമളയുടെ പേരിൽ ആത്മഹത്യാപ്രേരണാക്കുറ്റം ചുമത്തി കേസ്സെടുക്കുന്നതിനും തയ്യാറാകണം. ഗുരുതരമായ ഈ വിഷയം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നിയമപരമായ അന്വേഷണം നടക്കുന്ന വിഷയമായതിനാൽ ഉന്നയിച്ച എല്ലാ കാര്യങ്ങൾക്കും മറുപടി പറയാൻ സാധിക്കുകയില്ല. സാജൻ പാറയിൽ ആത്മഹത്യ ചെയ്തത് അങ്ങേയറ്റം നിർഭാഗ്യകരമാണ്. മുനിസിപ്പൽ/പഞ്ചായത്ത്‌രാജ് നിയമപ്രകാരം കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട അധികാരങ്ങൾ നഗരസഭാ സെക്രട്ടറിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. നഗരസഭാ സെക്രട്ടറിയുടെ ഉത്തരവിനെതിരെ ആക്ഷേപമുണ്ടെങ്കിൽ പഞ്ചായത്ത്‌രാജ് നിയമത്തിലെ 509 (6) വകുപ്പുപ്രകാരം 30 ദിവസത്തിനകം തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്. ആന്തൂർ നഗരസഭാ കൗൺസിലിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാനോ അപ്പീൽ കേൾക്കാനോ അധികാരമില്ല. തിരുവനന്തപുരത്ത് മാത്രമാണ് നിലവിൽ ട്രൈബ്യൂണൽ പ്രവർത്തിക്കുന്നത്. ട്രൈബ്യൂണൽ മുമ്പാകെ വരുന്ന അപ്പീലുകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ കൊച്ചി, കോഴിക്കോട് നഗരങ്ങളിൽക്കൂടി ട്രൈബ്യൂണലുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. അപ്പീൽ തീർപ്പാക്കൽ കാലയളവ് ഒരു മാസമാക്കി

നിജപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ പഠനം നടത്തി ന്യൂനതകൾ അപേക്ഷകരെ ഒരുമിച്ച് അറിയിക്കാനും ചോദ്യങ്ങൾ ഉന്നയിച്ച് കാലതാമസം വരുത്തുന്ന പ്രവണത തടയാൻ ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ഓൺലൈൻ സമ്പ്രദായം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യും. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് മറികടക്കാനുള്ള സെക്രട്ടറിയുടെ അധികാരം പരിമിതപ്പെടുത്തും. സാങ്കേതിക മികവുള്ള ഉദ്യോഗസ്ഥരുടെ ശിപാർശപ്രകാരം മാത്രമേ സെക്രട്ടറിക്ക് അധികാരം വിനിയോഗിക്കാൻ പാടുള്ളൂവെന്ന തരത്തിൽ പഞ്ചായത്ത്, നഗരസഭാ ചട്ടങ്ങളിൽ ഭേദഗതി വരുത്തും. കുറ്റവാളികളെ രക്ഷിക്കാനും അന്വേഷണം അട്ടിമറിക്കാനും യാതൊരു ശ്രമവുമുണ്ടായിട്ടില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): യഥാർത്ഥ വസ്തുതകളെ മറച്ചുവച്ച് ആന്തൂർ നഗരസഭാദ്ധ്യക്ഷയെ സംരക്ഷിച്ച് കുറ്റം ഉദ്യോഗസ്ഥരുടേതാക്കി മാറ്റാനുള്ള ശ്രമമാണ് മുഖ്യമന്ത്രി നടത്തുന്നത്. പാർഥ

കൺവെൻഷൻ സെന്ററിന് ലൈസൻസ് നൽകാതിരുന്ന നഗരസഭാദ്ധ്യക്ഷയുടെ നടപടി ധാർഷ്ട്യമാണ്. സാജന്റെ ആത്മഹത്യയെത്തുടർന്ന് പ്രവാസിലോകം നേരിടുന്ന ആശങ്കകൾ പരിഹരിക്കാൻ നഗരസഭാദ്ധ്യക്ഷയ്ക്കെതിരെ നടപടി സ്വീകരിക്കണം. ജനാധിപത്യ അവകാശങ്ങൾ ധ്വംസിക്കുന്ന ഇത്തരം നടപടികൾക്കെതിരെ ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകൾ ജനങ്ങൾക്കുനേരെയുള്ള വെല്ലുവിളിയാണ്. പാർഥ കൺവെൻഷൻ സെന്ററിന് ലൈസൻസ് നൽകുന്നതിനും ആന്തൂർ നഗരസഭാദ്ധ്യക്ഷയുടെ പേരിൽ ആത്മഹത്യാ പ്രേരണാക്കുറ്റത്തിന് കേസ്സെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

(ആന്തൂർ നഗരസഭാദ്ധ്യക്ഷയുടെ പേരിൽ കേസ്സെടുക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## II **ശ്രദ്ധ ക്ഷണിക്കൽ**

### ഇടതുകര ലിങ്ക് കനാൽ പ്രവൃത്തി

ശ്രീ. ബി. ഡി. ദേവസ്സി: തുമ്പൂർമൂഴിക്ക് മുകളിൽ ചാലക്കുടി പുഴയിൽ കൂടുതൽ ജലം സംഭരിക്കുന്നതിനായി സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിനും ഇടമലയാർ ജലസേചന പദ്ധതിയിൽപ്പെട്ട ഇടതുകര ലിങ്ക് കനാൽ പ്രവൃത്തി പൂർത്തീകരിച്ച്

അഞ്ച് നിയോജകമണ്ഡലങ്ങളുടെ കുടിവെള്ള-ജലസേചന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കണം.

(പ്രതിപക്ഷ ബഹളം കാരണം ബന്ധപ്പെട്ട വകുപ്പുമന്ത്രി മറുപടി മേശപ്പുറത്തുവച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

(പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ സബ്മിഷനുകൾ റദ്ദ് ചെയ്യുകയും മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്ത് വയ്ക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 11.02-ന് നിർത്തിവച്ച സഭ 11.31-ന് പുനരാരംഭിച്ചു.)

<u>മി. സ്പീക്കർ</u>: പ്രതിപക്ഷാംഗങ്ങൾ സഭാനടപടികളുമായി സഹകരിക്കണം.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: ആന്തൂർ നഗരസഭാദ്ധ്യക്ഷയുടെ പേരിൽ കേസ്സെടുക്കാൻ ഗവൺമെന്റ് തയ്യാറാകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ):</u>

അസ്വാഭാവിക മരണത്തിന് കേസ്സെടുത്തുകഴിഞ്ഞു. ഏത് സെക്ഷൻ പ്രകാരം കേസ്സെടുക്കണമെന്നത് അന്വേഷണ ഏജൻസിയാണ് തീരുമാനിക്കേണ്ടത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സർക്കാർ നിലപാട് അറിയിച്ചു കഴിഞ്ഞു.

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടന്നു.)

## III മേശപ്പുറത്തുവയ്ക്കുന്ന കടലാസ്

നാലാമത് കേരള പൊതുവ്യയ പുനഃപരിശോധന കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ട് മേശപ്പുറത്തുവച്ചു.

## IV ധനകാര്യം

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം
(1430,62,17,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്
(805,57,47,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVI - ഗ്രാമവികസനം
(3643,86,59,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.)

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 11.37-ന് പിരിഞ്ഞു.